(സി) 2003-04 സാമ്പത്തിക വർഷത്തിൽ വിനോദസഞ്ചാരവകുപ്പ് നാളിതു വരെ ഏകദേശം 6,70,00,000 (ആറു കോടി എഴുപതു ലക്ഷം) രൂപയോളം പ്രചാരണത്തിനായി ചെലവാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര വ്യവസായത്തിൽ നിന്നുള്ള വരുമാനം

111 [268] ശ്രീ. എം. പി. ഗംഗാധരൻ:
" എം. മുരളി:
" എം. എ. ചന്ദ്രശേഖരൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷത്തിൽ വിനോദസഞ്ചാര വ്യവസായത്തിൽനിന്ന് സംസ്ഥാനത്തിന് എത്ര വരുമാനമുണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം സെക്ടറുകൾക്ക് എത്ര തുകയുടെ വരുമാനമുണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ഈ വർഷം വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഈ വർഷം എന്തു വർദ്ധനയുണ്ടാകുമെന്ന് ആണ് കണക്കാക്കപ്പെടുന്നത്?

ഉത്തരം

(എ) മുൻ വർഷങ്ങളിൽ വിനോദസഞ്ചാര വ്യവസായത്തിൽ നിന്ന് സംസ്ഥാനത്തിനുണ്ടായ വരുമാനം താഴെ പറയുന്നു:

വർഷം	വിദേശ വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ)	തദ്ദേശ വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ)
2000	525.3	2222.36
2001	535	2561.16
2002	705.67	3011.31

(ബി) സെക്ടറുകൾ തിരിച്ചുള്ള വരുമാനം കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) വിദേശ വിനോദസഞ്ചാരികളുടെ വരവിൽ മുൻവർഷത്തേക്കാൾ 25% വർദ്ധനവ് ഈ വർഷം പ്രതീക്ഷിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന വരുമാനം

112 [269] ശ്രീ. കെ. മുഹമ്മദാലി:
" ഡി. സുഗതൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. പി. ഗംഗാധരൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-04-ൽ നാളിതുവരെ എത്ര വിദേശ വിനോദ സഞ്ചാരികൾ വന്നിട്ടുണ്ട്;

(ബി) വിദേശ വിനോദസഞ്ചാരികളെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ ടൂറിസ്റ്റ് സീസൺ ഏതെന്നു പറയുമോ;

(സി) വിദേശ വിനോദസഞ്ചാരികളിൽനിന്ന് ഈ വർഷം ഇതുവരെ സംസ്ഥാനത്തിനുണ്ടായ വരുമാനം എത്ര;

(ഡി) ഏതു വിദേശ രാജ്യത്തുനിന്നാണ് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ സംസ്ഥാനത്തെത്തുന്നത്;

(ഇ) യൂറോപ്പ്, അമേരിക്ക, ഗൾഫ് നാടുകൾ എന്നിവിടങ്ങളിൽ നിന്നെത്തുന്ന വിനോദസഞ്ചാരികൾ എത്ര തുക വീതം സംസ്ഥാനത്ത് ചെലവഴിക്കുന്നതായാണ് കരുതപ്പെടുന്നത്;

(എഫ്) ഏത് വിദേശ രാജ്യത്ത് നിന്നെത്തുന്നവരാണ് കൂടുതൽ തുക സംസ്ഥാനത്ത് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം (2003 നവംബർ വരെ) കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ 142915 ആണെന്ന് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly